കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.16-251/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
പാലക്കാട്

തീയതി- 08.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരംലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.16-251/17 തീയ്യതി:-08.02.2017

പാലക്കാട്ജില്ലയിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട്,ജില്ലയിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-7-2016 മുതൽ 21-9-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-09-2016 മുതൽ 01-10-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സരിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ബീന | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷൌക്കത്തലി | 1-04-2015മുതൽ18-11-2015വരെ |
| | ശ്രീമതി ദീപാ നാരായണൻ | 19-11-15മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണികുമാരൻ സി ആർ | 1-04-2015മുതൽ 6-01-16വരെ |

| | | |
|---|---|---|
| | ശ്രീ.ഗോകുൽദാസ് (എ എസ്) | 7-01-2016മുതൽ12-02-16വരെ |
| | ശ്രീ.രതീനാഥ് | 13-02-2016മുതൽ31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ്സെക്രട്ടറി | ശാന്തകുമാരി<br>ഗോകുൽദാസ് | 1-4-15മുതൽ 31-7-2015വരെ<br>1-8-2015മുതൽ 31-3-2016 |
| കൃഷി ഓഫീസർ | സുധ എസ് | 1-4-2015മുതൽ 31-3-2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.നിഷിത<br>ഡോ.ജോതിഷ് രാജ് | 1-4-2015 മുതൽ 23-9-2015വരെ<br>24-9-2015മുതൽ 31-3-2016വരെ |
| മെഡിക്കലാഫീസർ (ആരോഗ്യം) | ശ്രീരാജ് വി | 1-6-2015 മുതൽ 31-3-2016വരെ |
| മെഡിക്കലാഫീസർ (ഹോമിയോ) | എം ആർ ശിവദാസ് | 1-4-2015 മുതൽ 31-3-2016വരെ |
| മെഡിക്കലാഫീസർ (ആയുർവ്വേദം) | ഡോ രാധാകൃഷ്ണൻ | 1-4-2015മുതൽ 31-3-2016 വരെ |
| വി ഇ ഒ | വിമൽ ലാൽ സി എം | 1-4-2015 മുതൽ 31-3-2016 വരെ |
| ഐസിഡിഎസ്സ് സൂപ്പർവൈസർ<br>എച്ച് എം | ഷാജിത എം | 1-4-2015മുതൽ 31-3-2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | മേരി സുധ | 1-4-2015 മുതൽ 31-3-2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ദീപക് എസ്.ആർ | 1-4-2016മുതൽ 31-3-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 30-03-2015. തിയതിയിലെ I ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ

അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-16 | 30-07-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | ഓഡിറ്റ് വേളയിൽ പരിശോധിച്ച | സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -45180343

വരവ് -86021018

ആകെ -131201361

ചെലവ് -102774810

നീക്കിയിരിപ്പ്-28426551

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3014218 | 10085047 | 13099265 | 13099265 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2227872 | 5055134 | 7283006 | 7283006 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2000 | 2000 | 2000 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 848030 | 5963360 | 6811390 | 6811390 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3449765 | 1054027 | 4503792 | 4503792 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3681014 | 4435927 | 8116941 | 8116941 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3126520 | 2169688 | 5296208 | 5296208 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 181164 | 622124 | 803288 | 774960 | 28328 |
| ബി ഫണ്ട് | 0 | 885936 | 885936 | 885936 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 68646666 | 177 | 49423600 | 21 | 20 | 81 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1.18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4046810 | 3588657 | (-) 458153 | (-)11.32 |
| നികുതിയേതര വരവുകൾ | 1799601 | 2188755 | (+)389154 | +21.62 |
| ആകെ | 5846411 | 5777412 | (-) 68999 | (+)11.8 |

# 1-8 ക്ഷേമപദ്ധതികൾ

ൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | അപേക്ഷകൾ | നൽകിയത് |
|---|---|---|
| അവിവാഹിത | 8 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 21 | 21 |

| | | |
|---|---|---|
| വിധവാപെൻഷൻ | 49 | 49 |
| വാർദ്ധക്യകാലപെൻഷൻ | 298 | 295 |
| വികലാംഗപെൻഷൻ | 13 | 13 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-09-16 3 pm. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,405 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്ററുകളും ഫയലുകളും പ്രശംസനീയമായ രീതിയിൽ പരിപാലിക്കുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടു.മികച്ച ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ ചില അങ്കണവാടികെട്ടിടങ്ങളുടെ സ്ഥിതി സമയാസമയമുള്ള അറ്റകുറ്റപ്പണികളുടെ അഭാവത്താൽ പരിതാപകരമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-09-16,29-09-16 | 7/16 ,8/16 | 30-9-16(12/16 മുതൽ 4/16വരെ ) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-10-2010 | 2005-06മുതൽ 2009-10 | 15-11-2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

2015-2016 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന താഴെ പറയുന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കേണ്ട തുക |
|---|---|---|
| അമ്പലപ്പാറ സർവ്വീസ് സഹകരണബാങ്ക് നെല്ലിക്കുറിശ്ശി | രണ്ടാം അർദ്ധവർഷം | 1250 |
| | ആകെ | 1250 |

## 2-2) തൊഴിൽനികുതി ഈടാക്കിയില്ല

2015 -2016 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തിരുന്ന താഴെ പറയുന്ന ദിവസവേതനജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (വിശദവിവരങ്ങൾ താഴെ പറയുന്ന )എന്നാൽ കേരളപഞ്ചായത്ത് രാജ് ആക്ട്സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലിചെയ്തിട്ടുണ്ടെങ്കിൽ നികുതിക്കു വിധേയനാകും എന്നു വ്യക്തമാക്കുന്നു. ആയതിനാൽ ഈ വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പേര് /തസ്തിക | ഒന്നാം അർദ്ധ വർഷം | | രണ്ടാം അർദ്ധ വർഷം | |
|---|---|---|---|---|
| | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
| ജയപ്രകാശ്. പമ്പ് ഓപ്പറേറ്റർ | 30600 | 300 | 33300 | 300 |
| സി.പി.കുമാരൻ, പമ്പ് ഓപ്പറേറ്റർ | 30600 | 300 | 24600 | 180 |
| മോഹനൻ, പമ്പ് ഓപ്പറേറ്റർ | 30600 | 300 | 24600 | 180 |
| രവികുമാർ, പമ്പ് ഓപ്പറേറ്റർ, | 12200 | 120 | | |
| സുധീർകുമാർ, പമ്പ് ഓപ്പറേറ്റർ | 36600 | 300 | 24600 | 180 |
| രമേഷ്കുമാർ, പമ്പ് ഓപ്പറേറ്റർ | 36600 | 300 | 33300 | 300 |
| ഗിരീഷ് കുമാർ, പമ്പ് ഓപ്പറേറ്റർ | 36600 | 300 | 24600 | 180 |
| അജീഷ് , പമ്പ് ഓപ്പറേറ്റർ | 30600 | 300 | 24600 | 180 |
| ശ്രീനി, പമ്പ് ഓപ്പറേറ്റർ | | | 22650 | 180 |
| പ്രശാന്ത്, പമ്പ് ഓപ്പറേറ്റർ | | | 22650 | 180 |
| സുകുമാരൻ, പമ്പ് ഓപ്പറേറ്റർ | | | 18000 | 180 |
| അപ്പുക്കുട്ടൻ, പമ്പ് ഓപ്പറേറ്റർ | | | 21300 | 180 |
| നിധീഷ്.ആർ, പമ്പ് ഓപ്പറേറ്റർ | | | 22650 | 180 |

| | | | | |
|---|---|---|---|---|
| എം.എൻ.പത്മനാഭൻ, വാൾവ് ഓപ്പറേറ്റർ | | | 24600 | 180 |
| മോഹനൻ, ഡ്രൈവർ | | | 30150 | 300 |
| നാസർ , ഡ്രൈവർ | 59420 | 450 | 12600 | 120 |
| ആകെ | | 2670 | | 3000 |

## 2-3) വാട്ടർ ചാർജ് - ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയില്ല.

2015 – 2016 സാമ്പത്തികവർഷത്തിലെ വാർഷികധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്തിൽ വാട്ടർചാർജ് ഇനത്തിൽ 575007 രൂപ വരവുണ്ട് . എന്നാൽ ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ ഹാജരാക്കാത്തതിനാൽ വാട്ടർചാർജിന്റെ വരവു സംബന്ധിച്ച കൃത്യത ഉറപ്പു വരുത്തുവാൻ ഓഡിറ്റിന് സാധ്യമായില്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം .9 തീയതി ,30.09.16) മറുപടിലഭ്യമായില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഒഴിവാക്കി

## 3-2 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ -ഉപകരണം വിതരണം ചെയ്തിട്ടില്ല ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ

പ്രോജക്ട് നം    s011/16, ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകൽ

ഫണ്ട്    വികസന ഫണ്ട് ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം

അടങ്കൽ    3,50,000

ചെലവ്    346746

ട്രഷറി ബിൽ നം 15/15-16 തീയതി 28-3-16

മേൽ പ്രോജക്ടിന്റെ ഭാഗമായി സൈഡ് വീലോടു കൂടിയ 2 സ്കൂട്ടറുകൾ വാങ്ങുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് ഡി.ഡി. നം 948866/28-3-16 പ്രകാരം 147386 രൂപ നൽകിയിട്ടുണ്ട്.എന്നാൽ കോർപ്പറേഷൻ നാളിതു വരെ സ്കൂട്ടറുകൾ വിതരണം ചെയ്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ ഈ വിഷയം സംബന്ധിച്ച് നിരന്തരം ഓർമ്മപ്പെടുത്തലുകൾ നടത്തുന്നുണ്ടെങ്കിലും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും സ്കൂട്ടറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല.എത്രയും പെട്ടെന്ന് സ്കൂട്ടറുകൾ ലഭ്യമാക്കി അർഹരായ ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കണം

സി.ഡി.എസ്ചാർജ്ജ് ഓഫീസർ /ചെയർപേഴ്സൺ -ന്റെ ഉടമസ്ഥതയിലുള്ള ധനലക്ഷ്മി ബാങ്ക്,ഒറ്റപ്പാലം A/c No.15674 ൽ നിലവിൽ പലിശ സഹിതം 101304 രൂപ നീക്കിയിരിപ്പുണ്ട്.എന്നാൽ 5-10-2010 മുതൽ ഈ അക്കൗണ്ട് ഇടപാടുകൾ ഇല്ലാത്തതിനാൽ dead account ആയി കാണപ്പെടുന്നു.അക്കൗണ്ട് close ചെയ്യുന്നതിനും തുക ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരിച്ചടയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ A/c No.714----800 (യൂണിയൻ ബാങ്ക്,ലെക്കിടി )ജില്ലാ പഞ്ചായത്ത് പ്ലാൻ വിഹിതമായ 50,000 രൂപയും തനത് ഫണ്ട് അക്കൗണ്ടായ A/c No714---798ൽ ഗ്രാമപഞ്ചായത്ത് പ്ലാൻ വിഹിതമായ 95000 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ക്ഷീരകർഷകർക്കുള്ള സബ്സിഡി പൂർണ്ണമായി നല്കിയില്ല.

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പ്രോജക്റ്റായ കാലിത്തീറ്റ സബ്സിഡി ക്ഷീരകർഷകർക്ക് പാലിന്റെ അളവിനനുസൃതമായി ക്ഷീരസംഘങ്ങൾ വഴി ലിറ്ററിന് 2രൂപ നിരക്കിൽ അവർ വാങ്ങുന്ന കാലിത്തീറ്റയുടെ വിലയിൻമേൽ സബ്സിഡി നല്കുവാൻ വിഭാവനം ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിലെ അഞ്ച് സൊസൈറ്റികൾ വഴി വിതരണം ചെയ്ത സബ്സിഡിതുക മുഴുവനായും പ്രയോജനപ്പെടുത്താതെ നഷ്ടപ്പെടുത്തി. 2015-16 സാമ്പത്തിക വർഷത്തെ സബ്സിഡിതുക 2 സൊസൈറ്റികൾ11മാസത്തെയും മറ്റ് 3സൊസൈറ്റികൾ യഥാക്രമം 6,4,2എന്നിങ്ങനെയുള്ള മാസങ്ങളിലെ സബ്സിഡിതുക മാത്രമേ നല്കിയിട്ടുള്ളൂ.ആകെയുള്ള 500000/-രൂപ അടങ്കൽതുകയിൽ 361164/-രൂപ മാത്രമാണ് ചെലവഴിച്ചത്.ഉല്പ്പാദനമേഖലയിലെ ക്ഷീരകർഷകർക്കുള്ള സബ്സിഡിതുക 138836/-രൂപ നഷ്ടപ്പെടുത്തിയ നടപടി തികച്ചും ക്രമപ്രകാരമല്ല.

## 3-5 അങ്കണവാടികളുടെ ഭൗതികസാഹചര്യം

ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ ആകെ 32 അങ്കണവാടികളുണ്ട്.23എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട് 6 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.3 എണ്ണത്തിൽ രണ്ടെണ്ണം പഞ്ചായത്തിന്റെ കെട്ടിടത്തിലും ഒരെണ്ണം സ്വകാര്യ കെട്ടിടത്തിലും പ്രവർത്തിക്കുന്നുണ്ട്. 2013-14,2014-15,2015-16 വർഷങ്ങളിലൊന്നും തന്നെ അങ്കണവാടികളുടെ ഭൗതിക സ്ഥിതി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ പരിശോധിച്ച് ഫിറ്റനെസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ലെന്ന് ഐ.സി ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 31055/ ഡി.സി.2/2011 /ത.സ്വ.ഭ.വ 22-03-2011 ൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള എല്ലാ അങ്കണവാടികളുടെയും വാർഷിക അറ്റകുറ്റപ്പണികൾ എല്ലാ വർഷവും ഏപ്രിൽ മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണെന്നും അറ്റകുറ്റപ്പണികളിൽ വൈറ്റ് വാഷിംഗ് ,പെയിന്റിംഗ് ,കെട്ടിടത്തിന്റെയും ടോയ് ലെറ്റ് അടുക്കള എന്നിവിടങ്ങളിലെയും കേടുപാടുകൾ തീർക്കുക ആവശ്യമെങ്കിൽ ഇവിടങ്ങളിൽ നവീകരണപ്രവർത്തികൾ നടത്തുക കോമ്പൗണ്ട് വൃത്തിയാക്കുക ചുറ്റമതിലിന്റെയും ഗെയിറ്റിന്റെയും പെയിന്റിംഗ് നടത്തുക അങ്കണവാടിക്കുള്ളിലും ചുറ്റുമതിലിലും ആവശ്യമുള്ള സന്ദേശങ്ങൾ എഴുതുക കുടിവെള്ളസംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുക തുടങ്ങിയ ജോലികൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസിയർ വാടക കെട്ടിടമുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്നും യാതൊരു കാരണവശാലും മതിയായ സുരക്ഷിതത്വമില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കരുതെന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നതെന്ന് അങ്കണവാടികളുടെ ഭൗതിക സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. സെന്റർ നം.1 ഈങ്ങോറ,സെന്റർ നം .19 തെക്കുമംഗലം ,സെന്റർ നം 3 വാഴേക്കാവ് എന്നീ അങ്കണവാടികൾ മതിയായ സുരക്ഷിതത്വമില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.സെന്റർ നം.1 ഈങ്ങോറ അങ്കണവാടിയുടെ ചുറ്റുമതിലിൽ പൊട്ടിപ്പൊളിഞ്ഞ് ഇഴജന്തുക്കളുടെ ശല്യം ഉണ്ടാവുന്ന തരത്തിൽ കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഈ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്ന ജോലികൾ അടിയന്തിരമായി തീർക്കുന്നതിനും ഈ ജോലികൾ പൂർത്തിയാകുന്നതു വരെ അങ്കണവാടി മറ്റേതെങ്കിലും സ്ഥലത്ത് പ്രവർത്തിപ്പിക്കുന്ന രീതിയിൽ ക്രമീകരിക്കേണ്ടതും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-6 മരാമത്ത് പ്രവർത്തിമുഴുവനായും പൂർത്തീകരിച്ചില്ല.

പ്രവൃത്തി.നമ്പിക്കുന്ന് പ്ലാക്കാട്ട് പൂതിരിപ്പാടം റോഡ് .

ബിൽ നം.43/15-16,29-2-16.

തുക. 380000/രൂപ

എംബി നം.57/14-15,

പത്താം വാർഡിലെ പൂതിരിപ്പാടം എന്ന പ്രദേശത്തിലെ റോഡിന് സംരക്ഷണഭിത്തി കെട്ടി ആയതിൽ ബെൽറ്റ് വാർത്ത് പാർശ്വങ്ങളിൽ മണ്ണ് നിറച്ച് റോഡ് സംരക്ഷിക്കുക എന്നതാണ് ടി പ്രവർത്തികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രവർത്തിയുടെ നിർവ്വഹണത്തിൽ 171.65മീറ്റർ നീളത്തിൽ കെട്ടിയ സംരക്ഷണഭിത്തിക്ക് 163.75 മീറ്റർ നീളത്തിൽ മാത്രമാണ് ടോപ്പ് ബെൽറ്റ് നല്കിയിരിക്കുന്നത്.ആയതിന്റെ സ്ഥലം പരിശോധിച്ചതിൽ 7.9മീറ്റർ ടോപ്പ് ബെൽറ്റ് നിർവ്വഹണം നടത്തിയിട്ടില്ല എന്ന് വ്യക്തമായി. പ്രവർത്തി പൂർത്തികരിക്കാത്തതിനാൽ കരിങ്കൽക്കെട്ടുകൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. (ചിത്രം കാണുക)



ഇപ്രകാരം പ്രവർത്തി പൂർത്തികരിക്കാതെ ബിൽ തുക പൂർണ്ണമായി അനുവദിച്ച് നല്കിയിരിക്കുന്നത് വഴി ആസ്തിക്ക് നാശം സംഭവിച്ചിട്ടുള്ളതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 380000/-രൂപയുടെ ചെലവ് ആസ്തി സംരക്ഷണം വരുത്തും വരെ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 തെരുവ് വിളക്കുകളുടെ പരിപാലനം അപാകതകൾ

തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ അപാകതകളുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു ആകെയുള്ള 1192 തെരുവ് വിളക്കുകളിൽ 616 എണ്ണം ടി സാമ്പത്തിക വർഷത്തിൽ റിപ്പയർ ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡുമായുള്ള സംയുക്ത പരിശോധന 7/2013ന് നടത്തിയതിന്റെ ശേഷം ഇന്നുവരെ സംയുക്ത പരിശോധന നടത്തുകയോ ആയതിൻമേൽ പുതിയ ഇൻസ്റ്റലേഷൻ, റീപ്ളേസ്മെന്റ്കൾ പ്രകാരം ചാർജ്ജ് നിശ്ചയിക്കുകയോ ചെയതിട്ടില്ല. തൻവർഷം 167 LED വിളക്കുകൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുള്ളതിൽ 72എണ്ണം സ്ഥാപിച്ചതായി ഇലക്ട്രിസിറ്റി ബോർഡ് (പത്തിരിപ്പാലസെക്ഷൻ)എഇ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 152 എണ്ണത്തിന്റെ സൂപ്പർവിഷൻ ചാർജ്ജ് ഇലക്ട്രിസിറ്റി ബോർഡിൽ അടവാക്കിയിട്ടുണ്ട്. എഗ്രിമെന്റിൽ നിന്നും വ്യതിചലിച്ച് 152 എണ്ണത്തിന് പകരം 167 ആയിഅധികം വാങ്ങിയ 15 എണ്ണത്തിന്റെയും എസ്സ്.സി.പി ഇനത്തിൽ വാങ്ങിയ 50 എണ്ണത്തിന്റെയും കൂടിയുള്ള വിവരങ്ങൾ ലഭ്യമല്ല. ടി സാഹചര്യത്തിൽ ഇൻസ്റ്റലേഷൻ, സൂപ്പർവിഷൻ എന്നീ ചാർജ്ജുകൾ നല്കാതെ വാങ്ങിയിട്ടുള്ള 15 എൽ.ഇ.ഡി വിളക്കുകളുടെ വിലയായ 62250/-രൂപ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്ത സാഹചര്യത്തിൽ തടസ്സത്തിൽ വയ്ക്കുന്നു. നിലവിലുള്ള സ്ഥിതിവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-8 പൊതുമരാമത്ത് സാധനസാമഗ്രികളുടെ ഉപയോഗം സംബന്ധിച്ച്:-

പൊതുമരാമത്ത് പ്രവർത്തികളിൽ ഉപയോഗിക്കുന്ന സിമെന്റിന്റെ അളവുകൾ യാതൊരു മാനദണ്ഡങ്ങളുമില്ലാതെയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കേന്ദ്ര പൊതുമരാമത്ത് ഇനം 16.42 പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള സിമെന്റിന്റെ കോൺക്രീറ്റിന് ഒരു എം$^3$ന് 330 കിലോഗ്രാം സിമെന്റ് ആവശ്യമെന്നിരിക്കെ ടി സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേനനടപ്പാക്കിയ റോഡ് പ്രവർത്തികളിൽ യാതൊരു മാനദണ്ഡങ്ങളുമില്ലാതെയാണ് സിമെന്റ് ഉപയോഗിച്ചിരിക്കുന്നത്. ഭാവിയിൽ ഇത്തരത്തിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രണ്ട് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| നം | പ്രവർത്തിയുടെ പേര് | 1:2:4 സിസി | ആവശ്യമായ സിമെന്റ് | ഉപയോഗിച്ച സിമെന്റ് | അധികം കുറവ് |
|---|---|---|---|---|---|
| 1 | പൂക്കാട്ട്കുന്ന് തട്ടാരത്തൊടി റോഡ് | 27m3 | 8910kg | 7600kg | 1310kg കുറവ് |
| 2 | ബംഗ്ളാപാത ഇടവഴി | 31.2m3 | 10296kg | 12250kg | 1954kg കൂടുതൽ |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | ശാരീരിക മാനസിക വെല്ലുവിളി- സ്കോളർഷിപ്പ് | 200000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | | 50000 | | | |
| അമ്പലപ്പാറ, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | | 4000000 | വൈദ്യുതി ശ്മശാനം | ഇല്ല | 4000000 |
| ബ്ലോക്ക് പഞ്ചായത്ത് | | 200000 | | 147386 | 52614 |
| ജില്ലാ പഞ്ചായത്ത് | | 525000 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണം നൽകൽ | 840000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | | 315000 | | | |
| ജില്ലാ പഞ്ചായത്ത് | | 16500 | നെൽകൃഷിക്ക് ഉഴവുകൂലി നൽകൽ | ഇല്ല | 16500 |
| ബ്ലോക്ക് പഞ്ചായത്ത് | | 305100 | | 305100 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും ഉദ്യോഗ പ്പേരും | തിയ്യതി |
| 2008-09 | 3-6 | 1000/- | സുകുമാരൻ എം കെ | 11501102367-(4-7-15) |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | ഇല്ല | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 45180343 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86021018 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102774810 |
| വരവിനങ്ങളിലുള്ള നഷ്ടം | 6920/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 442250/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1250/- | | ശ്രീ.രതിനാഥ്, സെക്രട്ടറി |
| 2-2 | 5670/- | | ശ്രീ.സി.ആർ.ഉണ്ണികുമാരൻ, സെക്രട്ടറി – 2670<br>ശ്രീ.രതിനാഥ്, സെക്രട്ടറി – |

| | |
|---|---|
| | 3000 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 380000/- | ശ്രീ .ദീപക്, എഇ |
| 3-7 | 62250/- | ശ്രീ.രതീനാഥ്,സെക്രട്ടറി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രതീനാഥ്, സെക്രട്ടറി. | സെക്രട്ടറി, ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | ശ്രീരംഗം, കുറ്റനാട്.പി.ഒ, പാലക്കാട് |
| ശ്രീ.ഉണ്ണികുമാരൻ, സെക്രട്ടറി | സെക്രട്ടറി, കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | കൃഷ്ണശ്രീ കളത്തിൽ, ചെറുകുളം, കോട്ടായി, പാലക്കാട് |
| ദീപക്എസ്സ്.ആർ എ ഇ | എഇ,ലെക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്. | ദീപു ഭവൻ, നാരായണംകോണം, വട്ടപ്പാറ(പിഒ) തിരുവനന്തപുരം. |

| | | |
|---|---|---|
| | | 695028 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടി ന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8-220/99/24.09.99 | ഓഡിറ്റ് അദാലത്ത് |
| 1997-98 | LFP6/618/00/ 06.10.00 | ,, |
| 1998-99 | LFP6/1714/09.08.01 | ,, |
| 1999-00 | LFP14/504/13.02.01 | ,, |
| 2000-01 | LFP14/622/05/ 10.11.06 | ,, |
| 2001-02 | LFP14-623/05/28.12.07 | ഫർദർ റിമാർക്സ് |
| 2002-03 | LFP14- 228/07/07.01.08 | ഫർദർ റിമാർക്സ് |
| 2003-04 | LFP16- 793/12/02.07.12 | ഫർദർ റിമാർക്സ് |
| 2004-05 | LFP14-1181/09/18.10.10 | ഫർദർ റിമാർക്സ് |
| 2005-06 | LFP14- 1182/09/ 08.03.11 | ഫർദർ റിമാർക്സ് |
| 2006-07 | LFP14-1183/09/17.03.11 | ഫർദർ റിമാർക്സ് |
| 2007-08 | LFP14- 1184/09/ 18.03.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP16- 1277/12/ 06.10.12 | ഫർദർ റിമാർക്സ് |
| 2009-10 | LFP16- 1352/12/ 10.09.12 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2010-11 | LFP16– 1002/13/ 02.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP16 - 981/14 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA-PKD16/1017/15/ 05.10.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | KSA-PKD16/1429/16/8.8.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

അനുബന്ധം 1

CERTIFICATE

Certified that I have examined the Annual Financial Statement of LEKIDI PERUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of LEKIDI PERUR GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

LEKIDI PERUR GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The asset register not linked with Sankya.
2. The figures shown as the arrear & current balance of property tax in AFS (2015-16) are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങ ളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിന്റെ 31.3.16-ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പി ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്

1. ആസ്തി രജിസ്റ്റർ സാംഖ്യയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. വസ്തു നികുതിയുടെ തൻവർഷത്തെ വരവ്, അരിയർ എന്നിവ AFS-മായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ